നോവലെറ്റ്
മീനു എലിസബത്ത്

# കുഴിയാനകൾ

## ഒന്ന്

**അ**ന്നൊക്കെ രാവിലെ എഴുന്നേറ്റ് പറമ്പായ പറമ്പിലെല്ലാം ഞാൻ വലിയപ്പച്ചന്റെ പുറകെ നടക്കും. പുള്ളിക്കാരൻ, കൈയില് ഒരു വെട്ടുകത്തിയുമായിട്ടാണ് നടപ്പ്. എന്റെ കൈയില് ഒരു ചെറിയ കൊട്ടയും തരും. അപ്പച്ചൻ വീണ ഓലമടല് വലിച്ചിടും, തേങ്ങ വീണത് പെറുക്കും. പഴുത്ത കൊക്കോകായ്കള് ശേഖരിക്കും. ബദാംമരത്തിന്റെ ചുവട്ടില് ചെല്ലുമ്പോള്, വവ്വാല് കടിച്ചതും കടിക്കാത്തതും ആയ ധാരാളം ബദാം കായ്കള് പെറുക്കും. ഇളംമഞ്ഞയും ചുവപ്പും നിറത്തില് വവ്വാല് തൊടാത്ത ബദാം കായ്കള് മുണ്ടിന്റെ അറ്റം തുടച്ച് എന്റെ കൈയില് വെച്ച് തരും. "ചിന്നുക്കുട്ടീ ഇത് നല്ലതാ. വവ്വാല് കടിച്ചതല്ല. മധുരവും ചെറിയ പുളിയും ഉണ്ട്. നീ ഒന്നു കടിച്ചു നോക്കിക്കെ." ഞാൻ അത് വാങ്ങി കടിച്ചു നോക്കും. ഹും... ചെറിയ മധുരം, ഒരു കമർപ്പ്, ഒരു പുളിച്ചുവ. ഞാൻ അത് കടിച്ചിരിക്കുമ്പോള് ബാക്കിയുള്ള ബദാം കായ്കള് ഒരു കല്ലിന്റെ പുറത്തു വെച്ച് വെട്ടരിവയുടെ മൂർച്ചയില്ലാത്ത വശം വെച്ച് രണ്ടായി പിളർന്ന് അതിനകത്തെ വെള്ളപരിപ്പ് എന്റെ കൈവെള്ളയില് വെച്ച് തരും. ഞാൻ അത് രുചിയോടെ ചവയ്ക്കും. ബാക്കിവരുന്ന കായ്കള് കൊട്ടയില് ഇടും. നന്നായി വിളഞ്ഞു പഴുത്ത ചാമ്പയ്ക്ക, പേരയ്ക്ക, പഴമാങ്ങ എല്ലാം കാണും ആ കൊട്ടയില്.

പോകുന്ന വഴിയെ അപ്പച്ചൻ നീണ്ടുവരുന്ന പുൽതലപ്പുകള് അരുവ കൊണ്ട് കോതി വൃത്തിയാക്കും. വഴിയിലേക്ക് ചാഞ്ഞു നില്ക്കുന്ന മരച്ചില്ലകള് വെട്ടും. കുറെ നടന്നു കഴിയുമ്പോള് വാഴത്തോട്ടം ആണ്. അപ്പച്ചൻ ആകമാനം ഒന്ന് കണ്ണോടിക്കും. കൈപ്പടം കണ്ണിന് മേല് വച്ച് മറച്ചു കൊണ്ട് ആകാശത്തേക്ക് നോക്കും. കുട്ടി സൂര്യന്റെ രശ്മികൾക്ക് ചൂട് കൂടാൻ തുടങ്ങിയിരിക്കുന്നു. ഒരു വലിയ ഏത്തവാഴയുടെ ചുവട്ടിലെ കാട് അരുവ കൊണ്ട് കോതി വൃത്തിയാക്കി, ഒരു വലിയ വാഴയില വെട്ടി അവിടെ വിരിച്ചിട്ട് എന്നെ വിളിക്കും.

"ചിന്നു, വെയിലിനു ചൂട് കൂടുന്നു, നീ വെയില് കൊണ്ട് കറുത്ത് പോയാല് വലിയമ്മച്ചിയും നിന്റെ അപ്പനും എന്നെ വെച്ചേക്കില്ല."

അത് കേൾക്കുമ്പോൾ ഞാൻ ഒരു കുഞ്ഞാട് പോലെ ആ വാഴയിലയില് കയറി ഇരിക്കും. കാലുനീട്ടിവെച്ച് ഒരിരുപ്പ്. അപ്പച്ചൻ വാഴത്തോപ്പ് മുഴുവൻ ഒരു പ്രദക്ഷിണം വെച്ച് വരുന്നിടം വരെ ആ ഇരിപ്പാണ്. എനിക്ക് കൂട്ടായി കുഴിയാനകള് കുഴിയില് നിന്നു കയറി വരും. വന്നില്ലെങ്കില് ഞാൻ അവരെ വരുത്തും, കുഞ്ഞ് ഉറുമ്പുകളെ ഞാൻ അവരുടെ കുഴിയിലേക്ക് വീഴ്ത്തും. എന്നിട്ടും ഇറങ്ങി വരുന്നില്ലെങ്കില് അടുത്ത കിടക്കുന്ന ഉണങ്ങിയ ചുള്ളിക്കമ്പുകൾ കൊണ്ട് ചിരണ്ടി ഞാൻ അവരെ പുറത്തിറക്കും. അതില് ചിലപ്പോൾ കുഞ്ഞു കുഴിയാനകളും വലിയ തള്ളച്ചികളും കാണും. ചിലത് നീണ്ടു മെലിഞ്ഞു ജീവനില്ലാത്തവരും ആയിരിക്കും. അവരുടെ കുഴിയാനവീടിന്റെ മണ്ണ് കോരി ഞാൻ എന്റെ കൈവെള്ളയില് വെക്കും. ചിരണ്ടി കിട്ടിയ കൂട്ടുകാരെ കൈവെള്ളയിലേക്ക് പെറുക്കി ഇടും. മടക്കുമ്പോള് അവരെ ഓരോരോത്തരെയായി തിരികെ ഓരോ കുഴിവീടുകളില് പെറുക്കി വയ്ക്കും. പാവം എത്ര കുഴിയാന കുഞ്ഞുങ്ങൾക്ക് ഞാൻ കാരണം അവരുടെ വീട് മാറി പോയിട്ടുണ്ടാവണം? എനിക്ക് എല്ലാവരുടെയും കൂടുകൾ ഓർത്തിരിക്കാൻ പറ്റുമോ? പാവം കുഴിയാനകള്. അവരെന്നെ ശപിച്ചു കാണുമോ? കൂടുകള് അടുത്ത് അടുത്തായതിനാല് അവർ തമ്മില് കണ്ടു പിടിച്ചു കാണും എന്നു ഞാൻ സമാധാനിക്കും.

കുഴിയാനകള് കുഴിയിലേക്ക് മടങ്ങുമ്പോള് ഞാൻ ചുവപ്പില് കറുത്ത പൊട്ടുകളുള്ള സുന്ദരി പ്രാണികളെ കൂട്ട് പിടിക്കും. പ്രാണികള് എന്റെ കൈത്തണ്ടയില് കൂടെ മെല്ലെ മെല്ലെ നടക്കും. ചിലത് എന്റെ വെള്ള പെറ്റിക്കോട്ടിന്റെ മടിയിലേക്ക് വീഴും. വെള്ളത്തുണിയിലെ ചുവപ്പ് പൊട്ടുകള് പോലെ ആവും ഇത്. അവരുടെ കൂടുകള് കണ്ട ഓർമ എനിക്കില്ല. കുട്ട് കാണും. കാണാതിരിക്കില്ലല്ലോ. വല്ല കല്ലിനും അടിയിലാകും അവരുടെ കൂടുകള്.

കുറെ കഴിയുമ്പോള് അവരും അവരുടെ വഴിക്ക് പോകും. പിന്നെ ഞാൻ, വാഴത്തണ്ട് വഴി കയറി പോവുന്ന കട്ടുറുമ്പിന്റെ കൂട്ടങ്ങളെ നോക്കിയിരിക്കും. അവർ കുടപ്പനില് നിന്ന് തേൻ കുടിക്കാൻ വരി വരിയായി പോകുന്നത് ഞാൻ വിടർന്ന കണ്ണുകളോടെ കണ്ടു കൊണ്ടിരിക്കും, ഇടയ്ക്ക് ഞാൻ അവരുടെ വരിവരിയായ യാത്രയ്ക്ക് ഉണക്ക ഇലകള് തടസം വെയ്ക്കും. അപ്പോള് അവർ വിഷമത്തോടെ, എന്റെ ഉണക്ക ഇലയുടെ മുകളിലൂടെ യാത്ര തുടങ്ങും. ഇടയ്ക്കെങ്ങാനും ഒരു ചൊട്ടൻ ഉറുമ്പോ, നീറും കൂട്ടമോ അതിലെ വന്നാല് പിന്നെ ഞാൻ ഒറ്റ ഓട്ടമാണ്. ഒരിക്കല് ഒരു നീറ് അത് ചാകുന്ന തുവരെ എന്റെ തുടയില് കടിച്ചിരുന്നു പിടിവിടാതെ. അതിന്റെ വൃത്തികെട്ട നാറ്റമായിരുന്നു അതിലും അസഹനീയം. കറുത്ത ചൊട്ടൻ ഉറുമ്പുകളും ദുഷ്ടന്മാർ ആയിരുന്നു. അവന്മാർ ഒരിക്കല് എന്നെ കടിച്ചു, എന്റെ കാലിന്റെ പത്തിയില് നീരിറങ്ങി. അപ്പച്ചൻ കമ്യൂണിസ്റ്റ് പച്ചയുടെയും പാണലിന്റെയും ഇലയുടെ നീര് പിഴിഞ്ഞ് ഒഴിച്ചാണ് വേദനയ്ക്ക് ശമനം കിട്ടിയത്.

അങ്ങനെ, ഈ കൂട്ടുകാരുടെയെല്ലാം കൂടെ കളിച്ചു മടുക്കുമ്പോള് ഞാൻ പതിയെ അപ്പച്ചനെ തേടി ഇറങ്ങും. അപ്പച്ചൻ, അപ്പോള് ഉണങ്ങിയ വാഴക്കൈകള് വെട്ടി വാഴച്ചുവട്ടില് ഇടുകയും വാഴയുടെ മൂട്ടിലെ കളകള് അരുവാ കൊണ്ട് കൊത്തുകയും ആയിരിക്കും... ചിലപ്പോള് നല്ല വാഴയുടെ പിണ്ടികള് എടുത്തുമാറ്റി വെയ്ക്കും. അത് കുട്ടയില് വെയ് ക്കാൻ പറ്റില്ലല്ലോ. ഇതിനിടെ തേനുള്ള വാഴക്കുടപ്പൻ കണ്ടാല് എനിക്ക് വേണ്ടി അത് ഉരിഞ്ഞു മാറ്റി വെയ്ക്കും. മൂപ്പായ കുല ഒരു കൈയിലും, തേൻ പോളകള് ഒരു കൈയിലും പിടിച്ചു കുറച്ചു നേരം കഴിഞ്ഞ് അപ്പച്ചൻ വരും.

'അത് കൊള്ളാം, നീ ഇവിടെ വെയിലും കൊണ്ട് നടക്കുവാണോ?" എന്നൊരു ചോദ്യവും ചോദിക്കും. തേൻ തുള്ളികള് കുടപ്പനില് നിന്നും എന്റെ വായിലേക്ക് ഇറ്റിച്ചു തരും. ഞാൻ ഒരു കിളിക്കുഞ്ഞിനെ പോലെ വായ പൊളിക്കും.

"ഇനി നീ ഇതു പൊളിക്കാൻ പഠിക്കണം, ദാ ഇങ്ങിനെ." അല്ലി അല്ലി ആയി ഇരിക്കുന്ന കുടപ്പൻ അടർത്താൻ എന്നെ പഠിപ്പിക്കും. ഞാൻ തേൻതുള്ളികൾ സ്വാദോടെ അകത്താക്കും.

"അയ്യോ ചിന്നു, നിന്റെ പെറ്റിക്കോട്ട് ചെളിയാക്കിയാല് അമ്മച്ചി വഴക്കുണ്ടാകും" വെട്ടി വെച്ച വാഴക്കുലകള് ഞാൻ പരിശോധിക്കാൻ പോകുമ്പോള് അപ്പച്ചൻ വിലക്കും. വാഴക്കറ എന്റെ ഉടുപ്പിലും പെറ്റിക്കോട്ടിലും വീഴാതിരിക്കാൻ അപ്പച്ചൻ ശ്രദ്ധിക്കും. എന്റെ കണ്ണ്, വിളഞ്ഞു പഴുത്തു നില്ക്കുന്ന ഒരു കൊച്ചു ഞാലിപൂവൻ പഴത്തില് ആയിരിക്കും. എന്റെ ആഗ്രഹം പോലെ അപ്പച്ചൻ ആ പഴം പടലകൾക്കിടയില് നിന്നും വളരെ വിഷമിച്ചു ഉരിഞ്ഞു കൈയില് വെച്ച് തരും. പഴുക്കാത്ത പടലയിൽ നിന്നും ഒരു പഴം മാത്രം ഉരിയുക ശ്രമകരമായ ജോലിയാണ്.

"കൊച്ചേ വെറും വയറ്റില് പഴം തിന്നണ്ട കേട്ടോ, അത് മതി വല്ല ദഹനക്കേടും വരാൻ, നീ അതാ കുട്ടയില് ഇട്ടേര്, നമുക്ക് വീട്ടില് ചെന്ന് പുട്ടിന്റെ കൂടെ കൊഴച്ച് തിന്നാം." ഞാൻ മനസില്ലാമനസോടെ എന്റെ പ്രിയപ്പെട്ട ഞാലിപൂവൻപഴം കൊട്ടയില് ഇടും. അപ്പോഴേക്കും എനിക്ക് ചുമക്കാവുന്നതില് കൂടുതല് ഭാരത്തില് നിറഞ്ഞിട്ടുണ്ടാവും. എനിക്ക് ഞാലിപൂവൻപഴം അല്ലാതെ ഈ ലോകത്തില് ഒരു പഴവും ഇഷ്ടമല്ല. പാളയംതോടനും, ചുണ്ടില്ലാക്കണ്ണനും, പച്ചചിങ്ങനും, കണ്ണനും, കദളിയും, റോബസ്റ്റയും എല്ലാം അപ്പച്ചന്റെ വാഴത്തോട്ടത്തില് ഉണ്ടാകും. പലതരം ഏത്തവാഴകളും.

"കൊച്ചേ, നേരം ഒത്തിരി ആയി, എനിക്ക് വയറു കാളുന്നു.രാവിലെ കട്ടൻ കുടിച്ചതെയുള്ളൂ, നീ ഒന്ന് വേഗം നടന്നെ, നമുക്ക് പോകണ്ടേ." അപ്പച്ചൻ എന്റെ പെറ്റിക്കോട്ടിന്റെ പുറകിലെ പൊടിയും, കാലിലെ മണ്ണും കുറിയാണ്ട് കൊണ്ട് തട്ടിക്കളയും. എനിക്കോ വയറു നിറഞ്ഞിട്ടു നടക്കാൻ വയ്യ. ബദാം പരിപ്പും, വാഴതേനും കഴിച്ചു വയറ് നോവാൻ തുടങ്ങിയിട്ടുണ്ടാവും. എന്നാലും തിരിച്ചു വരുമ്പോള് തോട്ടുംകരയിലെ എത്തിപ്പിടിക്കാവുന്ന ചെന്തെങ്ങിന്റെ കുലകള് കാണുമ്പോള് ഞാൻ അവിടെ നിക്കും. അപ്പച്ചന്റെ കൈ പിടിച്ചു വലിക്കും. "എനിക്കൊരു കരിക്ക് ഇട്ടുതാ അപ്പച്ചാ, ദാഹിക്കുന്നു." ചിലപ്പോള് കിട്ടും. അല്ലെങ്കില്, 'പിന്നെ ആകട്ടെ' എന്ന് പറഞ്ഞു എന്നെ വലിച്ചോണ്ട് പോകും. അപ്പച്ചന്റെ ചൂണ്ടു വിരലില് തൂങ്ങി ഞാൻ അങ്ങനെ നടക്കും. നടക്കുന്ന വഴിക്കും അപ്പച്ചന് പണി കാണും. കല്യാണി പശുവിനെ ഒന്ന് മാറ്റിക്കെട്ടും. ആട്ടിൻ കുഞ്ഞുങ്ങളെ തിരിച്ചു കൊണ്ട് വരാൻ ഉണ്ടാകും.

കുറച്ചു നടന്നു കഴിയുമ്പോള് ഞങ്ങടെ സ്ഥിരം പണിക്കാരൻ അക്കര കുഞ്ഞുമോൻ തൂമ്പയും ആയി എതിരെ വരും... കുഞ്ഞുമോനെ കാണുമ്പോഴേ അപ്പച്ചൻ വിളിച്ചു പറയും.

"എടാ ആ തെക്കെ പണയില് രണ്ടു കൊല വെട്ടിവെച്ച് കറ ഇറങ്ങുന്നുണ്ട്. നീ പോയി അതിങ്ങു അടുക്കള മിറ്റത്ത് കൊണ്ട് വെയ്ക്ക് കേട്ടോ, മറക്കാതെ ആ വാഴപ്പിണ്ടീം കൂടെ എടുത്തോണം." കുഞ്ഞുമോൻ തലയാട്ടി ചിരിച്ചോണ്ട് പോകും. പോകുന്ന വഴി അപ്പച്ചൻ കാണാതെ എന്റെ തലയ്ക്കിട്ടു ഒരു ഞോണ്ടു തരും. ഞാൻ തിരിഞ്ഞു നോക്കുമ്പോള് അറിയാത്ത മട്ടില് നടന്നു നീങ്ങും. പിന്നെയും ഞാൻ നടക്കുമ്പോള് വീണ്ടും ഞോണ്ടും. "അപ്പച്ചാ, ഈ കുഞ്ഞുമോൻ ചേട്ടൻ എന്നെ" ... ഞാൻ അപ്പച്ചന്റെ കൈവിടുവിച്ച്, കുഞ്ഞുമോൻ ചേട്ടന്റെ പുറകെ ഓടി പ്പോയി ഒരുനുള്ള് കൊടുക്കും, അല്ലെങ്കില് ഒരടി. "അയ്യോ പാറ്റാക്കുഞ്ഞെ, ചുമ്മാതിരി, അടിക്കാതെ" കുഞ്ഞുമോൻ ചേട്ടൻ ഓടും. എന്നെ കണ്ടാല് ഉടനെ വിളിക്കുന്ന പേരുകളില് ഒന്നാണ് വെള്ളപ്പാറ്റ,പാറ്റാക്കുഞ്ഞ് ഇതെല്ലാം.

"നീ ചുമ്മാതിരി കുഞ്ഞുമോനെ, കൊച്ചിനോട് വഴക്ക് കൂടാതെ." അപ്പച്ചൻ കുഞ്ഞുമോനോട് വിളിച്ചു പറയും.ഞാൻ ഒരു ജേതാവിന്റെ ഭാവത്തില് കുഞ്ഞുമോൻ ചേട്ടനെ തിരിഞ്ഞു നോക്കും. അപ്പോഴേക്കും ഞങ്ങള് അടുക്കള മുറ്റത്ത് എത്തിയിട്ടുണ്ടാവും. അപ്പച്ചൻ കൊട്ടയില് തേങ്ങ വല്ലതും ഉണ്ടെങ്കില് മുറ്റത്തിന്റെ ഒരു മൂലയ്ക്കിടും. എന്നിട്ട് കൊച്ചുകൊട്ട ചായ്പിലേക്കു വെയ്ക്കും.

"അന്നമ്മേ നല്ല പഴമാങ്ങ കിട്ടിയിട്ടുണ്ട്. നീ ഉച്ചയ്ക്ക് ഊണിനു ഒരു പഴമാങ്ങ കറിവെയ്ക്ക് കേട്ടോ." അമ്മച്ചി അതിനു മറുപടിയായി ഒവ്വ എന്ന് പറയും. അമ്മച്ചിയെ കൊറ പിടിച്ചു ഞാനും പറയും "ഒവ്വ ഒവ്വ"!

(തുടരും)



**'അത് കൊള്ളാം,
നീ ഇവിടെ വെയിലും കൊണ്ട്
നടക്കുവാണോ?" എന്നൊരു
ചോദ്യവും ചോദിക്കും.
തേൻ തുള്ളികള് കുടപ്പനില്
നിന്നും എന്റെ വായിലേക്ക്
ഇറ്റിച്ചു തരും.
ഞാൻ
ഒരു കിളിക്കുഞ്ഞിനെപോലെ
വായ പൊളിക്കും.**